**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **25-10-2021 - ൽ മറുപടിയ്ക്ക്**

**ആശുപത്രികൾ ഇ.എസ്.ഐ.സ്കീമിൽ എം. പാനൽ ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ ഏതെല്ലാം ആശുപത്രികളാണ് ഇ.എസ്.ഐ. കോർപ്പറേഷനിൽ എം.പാനൽ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി മലബാർ കാൻസർ സെന്റർ, തലശ്ശേരി, പരിയാരം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളെ ഇ.എസ്.ഐ കോർപ്പറേഷനും സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ശ്രീചന്ദ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, പരിയാരം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളെ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പും എംപാനൽ ചെയ്തിട്ടുണ്ട്. |
| (ബി) | കൂടുതൽ ആശുപത്രികൾ എം.പാനൽ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വികരിച്ച് വരുന്നു. |
| (സി) | ഇ.എസ്.ഐ. സ്കീമിൽ എം. പാനൽ ചെയ്ത് ചികിത്സ നൽകുന്നതിന് പ്രധാനപ്പെട്ട ആശുപത്രികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ക്യാഷ് ലെസ്സ് ചികിത്സ നൽകുന്നതിന് CGHS നിരക്കിലാണ് ആശുപത്രികളെ എംപാനൽ ചെയ്യുന്നത്. സ്വകാര്യ ആശുപത്രികളുടെ നിരക്കിനേക്കാൾ CGHS നിരക്ക് കുറവായതിനാൽ പല സ്വകാര്യ ആശുപത്രികളും ഇ.എസ്.ഐ.സി യുമായി എംപാനൽ ചെയ്യുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ